**Desabhimani**

**31 July 2018**

**Kochi, Idukki, Idamalayar Dam, Fake News**

# തെറ്റായ പ്രചാരണങ്ങളിൽ വഞ്ചിതരാകരുത്

**കൊച്ചി**

ഇടുക്കി, ഇടമലയാർ അണക്കെട്ടുകളുടെ ഷട്ടറുകൾ തുറക്കുന്നതുസംബന്ധിച്ച് ആശങ്ക വേണ്ടെന്നും സമൂഹമാധ്യമങ്ങളിലൂടെയും മറ്റും പ്രചരിക്കുന്ന തെറ്റായ വാർത്തകളിൽ വഞ്ചിതരാകരുതെന്നും എറണാകുളം കലക്ടറേറ്റിൽ ചേർന്ന ഉന്നതതലയോഗം അറിയിച്ചു. സമൂഹമാധ്യമങ്ങളിലൂടെ ആശങ്കാജനകമായ വാർത്തകൾ പ്രചരിപ്പിച്ച് പരിഭ്രാന്തി സൃഷ്ടിക്കുന്നവർക്കെതിരെ ഐടി നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു.

ഇടുക്കി, ഇടമലയാർ അണക്കെട്ടുകളിലെ നിലവിലുള്ള സ്ഥിതിയും ഷട്ടറുകൾ തുറന്നാലുള്ള തയ്യാറെടുപ്പുകളും വിശദീകരിക്കാനാണ് കലക്ടർ മുഹമ്മദ് വൈ സഫിറുള്ളയുടെ അധ്യക്ഷതയിൽ യോഗം ചേർന്നത്.

അണക്കെട്ടുകളിൽനിന്ന് ജലമൊഴുക്കേണ്ട സാഹചര്യമുണ്ടായാൽ ഇതുസംബന്ധിച്ച മുന്നറിയിപ്പ് വളരെ നേരത്തെ തന്നെ കലക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജായ www.facebook.com/dcekm ൽ പ്രസിദ്ധീകരിക്കും. റേഡിയോ നിലയങ്ങളും പത്ര, ദൃശ്യമാധ്യമങ്ങളും മുഖേന സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പുകളുണ്ടാകും. പെരിയാർ തീരത്തെ ജനങ്ങളിലേക്ക് ഉച്ചഭാഷിണികളിലൂടെയും വിവരമെത്തിക്കും. ഇത്തരം ഔദ്യോഗികസ്രോതസുകളെയാണ് അറിയിപ്പുകൾക്കായി ആശ്രയിക്കേണ്ടതെന്നും കലക്ടർ വ്യക്തമാക്കി. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയാൽ ചെറുബോട്ടുകൾ വിന്യസിച്ച് രക്ഷാപ്രവർത്തനം നടത്തും. ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ എല്ലാ ഷട്ടറുകളും നിലവിൽ തുറന്നുവച്ചിരിക്കുകയാണെന്നും കലക്ടർ അറിയിച്ചു. കാലവർഷക്കെടുതിയിൽ ദുരിതാശ്വാസമെത്തിക്കുന്നതിലും മുൻകരുതൽ നടപടി സ്വീകരിക്കുന്നതിലും ജില്ലാ ഭരണം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് എംഎൽഎമാർ അഭിപ്രായപ്പെട്ടു.

പുഴയിലെ തുരുത്തുകളിലും പുറമ്പോക്കുകളിലും താഴ്ന്ന പ്രദേശങ്ങളിലും താമസിക്കുന്നവരുടെ കാര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. കന്നുകാലികൾ ഒറ്റപ്പെട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കണം. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്താൻ ജില്ലാ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കലക്ടറെ യോഗം ചുമതലപ്പെടുത്തി.